## പാം സാഹിത്യ സഹകരണ സംഘം

പാം സാഹിത്യ സഹകരണ സംഘം, പ്രവാസികളുടെ പ്രഥമ പ്രസാധക സഹകരണ സംഘമാണ്. മലയാള സാഹിത്യ ചരിത്രത്തിൽ പല സാഹിത്യ സഹകരണ സംഘങ്ങളുടെ പ്രാധാന്യമർഹിക്കുന്ന പ്രവർത്തനങ്ങൾക്കൊപ്പം ചേർത്തുവയ്ക്കേണ്ട അതിശക്തമായ ചുവടുവയ്പ്പായിരുന്നു ഇതും.

പാമിനെക്കുറിച്ച് പറയും മുമ്പ് ഗൾഫ് മേഖലയിലെ എഴുത്തുകാരുടെ സംഭാവനകളും അവരോടുണ്ടായിരുന്ന മലയാള പ്രസാധകരുടെ മനോഭാവവും നമ്മൾ ഓർക്കേണ്ടതാണ്. ഗൾഫിലെ സാഹിത്യത്തിൻെറ നിലവാരമില്ലായ്മ ഒരു കുറവായി കൊട്ടിഘോഷിച്ചുകൊണ്ട്, നല്ല പുസ്കങ്ങൾകൂടി പ്രസിദ്ധീകരിക്കുന്നതിലേക്ക് ചെലവാകുന്നതിലും രണ്ട് മടങ്ങ് തുക ഈടാക്കിക്കൊണ്ട്, എഴുത്തുകാരെ പരമാവധി ചൂഷണം ചെയ്യുന്ന പ്രവണത അതിൻെറ പാരമ്യതയിൽ നിൽക്കുമ്പോഴായിരുന്നു, പാം സാഹിത്യ സഹകരണ സംഘത്തിൻെറ അനിവാര്യമായ രംഗപ്രവേശം. ഗൾഫിലെ അറിയപ്പെട്ട കഥാകൃത്തായ മനാഫ് കേച്ചേരിയുടെ പ്രഥമ കഥാസമാഹാരം ഇപ്രകാരം രചയിതാവ് പണംമുടക്കി പ്രസിദ്ധീകരിച്ചതുമായി ഉയർന്നുവന്ന ഒരു ചർച്ചയിലാണ് ഒരു സഹകരണ സംഘത്തിൻെറ ആവശ്യകത ശ്രീ. ജോസാൻറണി കുരീപ്പുഴ എന്ന എഴുത്തുകാരൻ മുന്നോട്ട് വച്ചത്.



മനാഫ് കേച്ചേരി.

കേരളത്തിൽ സ്വന്തം ജില്ലയിൽപ്പോലും വിൽപ്പനശാലകളില്ലാത്ത നൂറിലധികംവരുന്ന ചെറുകിട പ്രസാധകർക്ക് എഴുത്തുകാരോടുള്ള, പ്രത്യേകിച്ച് പ്രവാസികളായ എഴുത്തുകാരോടുള്ള ഒരു പ്രതിക്ഷേധമെന്ന നിലയ്ക്കാണ് അദ്ദേഹമത് അവതരിപ്പിച്ചത്. ഒരു സഹകരണ സംഘത്തിന് പ്രായോഗികമായി പലതും ചെയ്യാൻ കഴിയുമെന്ന സുവ്യക്തമായ ചിന്തയും അതിനുള്ള സമഗ്രമായ മാർഗരേഖകളും അദ്ദേഹം അവതരിപ്പിച്ചു.

അപ്രശസ്തരായവരുടെ കൃതികൾ ആവശ്യപ്പെട്ട് വായനക്കാർ പുസ്തകശാലകളിൽ എത്താത്തിടത്തോളം ഏത് മുൻനിര പ്രസാധകർ പ്രസിദ്ധീകരിച്ചാലും എഴുത്തുകാർക്ക് യാതൊരു പ്രയോജനവുമില്ല. അതിനാൽ റീഡേഴ്സ് ക്ലബ്ബിലൂടെ പുസ്തകം വായനക്കാരിൽ എത്തിക്കാനുള്ള ശ്രമം തന്നെയാണ് പ്രായോഗികവും.






ജോസാൻറണി കുരീപ്പുഴ  വിജു.സി പരവൂർ

ഷാർജയിലെ അൽ ഇത്തിഹാദ് സ്വകയർ എന്ന് നാമകരണം ചെയ്യപ്പെട്ട, സൗദി പാർക്കെന്ന് വിളിപ്പേരുള്ള പുൽത്തകിടിയിൽ പത്തോളം എഴുത്തുകാർ കൂടിയിരുന്ന് ജോസാൻറണിയുടെ അഭിപ്രായത്തോട് താൽപ്പര്യം രേഖപ്പെടുത്തി. തുടർന്ന് മൂന്നാമത്തെ ഒത്തുചേരലിൽ കഥാകൃത്ത് സലിം അയ്യനത്ത് നിർദ്ദേശിച്ച പാം പുസ്തകപ്പുര അഥവാ പാം പബ്ളിക്കേഷ ൻസ് എന്ന പേര് സ്വീകരിക്കുകയും പ്രഥമ പ്രസിഡൻറും സെക്രട്ടറിയും ആയി യഥാക്രമം ജോസാൻറണി കുരീപ്പുഴ യെയും വിജു.സി പരവൂരിനെയും തെരഞ്ഞെടുക്കുകയും ചെയ്തു. മനാഫ് കേച്ചേരിയും, സലിം അയ്യനത്തും, ഗഫൂർ പട്ടാമ്പിയും, നാസറുദ്ദീനും, വെള്ളിയോടൻ സൈനുദ്ദീനും, ഗിരീഷും തുടങ്ങി പലരും പ്രാരംഭകാല യോഗങ്ങളിൽ സംബന്ധിച്ചിരുന്നു. പിൽക്കാലത്ത്

കഥാകൃത്തും നോവലിസ്റ്റുമായ സുകുമാരൻ വെങ്ങാട്ട് പാമിൻെറ നേതൃനിരയിലേക്ക് വന്നത് പ്രവർത്തനങ്ങൾക്ക് പുത്തനുണർവ് നൽകി.

2008 ഏപ്രിൽ18ന് അജ്മാൻ അൽസാദ് ഇൻഡ്യൻ സ്കൂളിൽ വച്ച് പ്രഥമ പ്രസിഡൻറായ ശ്രീ. ജോസാൻറണി കുരീപ്പുഴയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സാഹിത്യ സദസിന് മുന്നിൽ അൽ ഖലീജ് ദിനപത്രത്തിൻെറ ബിസിനസ് വിഭാഗം എഡിറ്റർ ആയ ശ്രീ. ഐസക്ക് ജോൺ പട്ടാണിപറമ്പിൽദീപം തെളിയിച്ച് തുടങ്ങിവച്ച പാമിൻെറ പ്രവർത്തനങ്ങൾക്ക് ആശംസകൾ അർപ്പിച്ചുകൊണ്ട് സബാ ജോസഫും (രക്ഷാധികാരി) ഷീലാപോളും (രക്ഷാധികാരി) ജ്യോതികുമാറും പി.ആൻറണിയും, ഷാജി ഹനീഫും മനാഫ് കേച്ചേരിയും തുടങ്ങി സാഹിത്യരംഗത്തെ സുമനസുകൾ സംസാരിച്ചു. ആർട്ടിസ്റ്റ് സുജിത് രൂപംനൽകിയ പാമിൻെറ അർത്ഥസമ്പുഷ്ടമായ ലോഗോ അൽസാദ് ഇൻഡ്യൻ സ്കൂൾ പ്രിൻസിപ്പൽ ശ്രീമതി മേരി ഡേവിസ് പ്രകാശനം ചെയ്തു.


ഐസക്ക് ജോൺ

ജോസാൻറണിയുടെ ആശയം ഉയർത്തിയ ആവേശത്തിൽ രൂപീകരിച്ച പാം റീഡേഴ്സ് ക്ലബ്ബിൻെറ തുടക്കം കുറിച്ചത് അഡ്വ. ഷംസുദ്ദീൻ ആയിരുന്നു. ഒരു പുസ്തകം ഒന്നാം പതിപ്പായി ആയിരം കോപ്പികൾ അച്ചടിച്ച് എഴുത്തുകാരന് യാതൊരുവിധ സാമ്പത്തിക ബാധ്യതയും നൽകാതെ പ്രകാശനം ഉൾപ്പെടെ നടത്താൻ ആവശ്യമായ തുകയാണ് റീഡേഴ്സ് ക്ലബ്ബിലൂടെ സമാഹരിക്കുക. റീഡേഴ്സ് ക്ലബ്ബിൽ ആംഗമാകുന്നവരുടെ കേരളത്തിലെ വിലാസത്തിലേക്ക് അവർ നൽകിയ തുകയുടെ ഇരട്ടിയിലധികം മുഖവിലയുള്ള പുസ്തകങ്ങൾ രജിസ്റ്റേഡ് തപാലിൽ അയച്ചുകൊടുക്കുന്നു. അത്തരത്തിൽ ആദ്യപുസ്തകത്തിനായി ഒരൊറ്റ ആഴ്ചയ്ക്കുള്ളിൽ തന്നെ ആവശ്യമായ മുഴുവൻ മെമ്പർഷിപ്പും സമാഹരിച്ച് നൽകിക്കൊണ്ട് സലിം അയ്യനത്ത് ജോസാൻറണിയുടെ ആശയം പ്രായോഗികമാണെന്ന് നിഷ്പ്രയാസം തെളിയിക്കുകയായിരുന്നു. ജോസാൻറണിയുടെ ജ്യേഷ്ഠസഹോദരൻ രാജു ആൻറണിനൽകിയ നിസ്വാർത്ഥമായ പങ്കാളിത്തം പാമിൻെറ കേരളത്തിലെ പ്രവർത്തനങ്ങൾക്ക് ചാലകശക്തിയായി.

തുടർന്ന് മൂന്ന് മാസങ്ങൾക്കുള്ളിൽ തന്നെ പാമിൻെറ ആദ്യ അഞ്ച് പുസ്തകങ്ങളുടെ ഒന്നിച്ചുള്ള പ്രകാശനം ഷാർജ ഇൻഡ്യൻ അസോസിയേഷൻ ആഡിറ്റോറിയത്തിൽവച്ച് കഥകളുടെ കുലപതി ശ്രീ. ടി.പത്മനാഭൻെറ മഹനീയ സാന്നിദ്ധ്യത്തിൽ നടന്നപ്പോൾ പ്രവാസലോകത്തെ സാഹിത്യസ്നേഹികൾക്കൊപ്പം പി.കെ.പാറക്കടവും കാനേഷ് പൂനൂരും സംബന്ധിച്ചു. ലാഭേച്ഛയില്ലാത്ത പാമിൻെറ സാഹിത്യ പ്രവർത്തനങ്ങൾക്ക് സർവ്വ പിന്തുണയും നൽകിക്കൊണ്ട് ആ വർഷത്തെ ഇൻഡ്യൻ അസോസിയേഷൻ പ്രസിഡൻറായിരുന്ന അഡ്വ. വൈ.എ.റഹീം മുൻകൈയെടുത്ത് അസോസിയേഷൻെറ ആഡിറ്റോറിയം നൽകുകയായിരുന്നു.

തുടർന്ന് കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളേജ് മലയാളവിഭാഗത്തിൻെറ മേധാവി ആയിരുന്ന ഡോ.ജി. ജെയിംസിൻെറ രണ്ട് പഠനഗ്രന്ഥങ്ങൾ ഉൾപ്പെടുന്ന അഞ്ച് പുസ്തകങ്ങളുടെ പ്രകാശനം കൊല്ലം കടപ്പാക്കട സ്പോർട്ട്സ് ക്ലബ്ബ് ആഡിറ്റോറിയത്തിൽ വച്ച് ഡോ. സുകുമാർ ആഴീക്കോട് പ്രകാശനം ചെയ്തത്തോൾ പ്രശസ്ത എഴുത്തുകാരൻ കാക്കനാടൻെറ സൗമ്യസാന്നിദ്ധ്യം അനുഗ്രഹമായി ഉണ്ടായിരുന്നു. ഉച്ചകഴിഞ്ഞും നീണ്ട പരിപാടിക്ക് ഉച്ചയൂണ് ഉൾപ്പെടെ നൽകാൻ ഫാത്തിമാ കോളേജിൻെറ പൂർവ്വവിദ്യാർത്ഥി സംഘടനയായ അല്മിനി ദുബായ് ചാപ്റ്ററിൻെറ നിസീമമായ പിന്തുണ ലഭിച്ചിരുന്നു.

പ്രവാസ ഭൂമിശാസ്ത്രം, അദ്ധ്യായം.1 പരദേശിയെരു ദൂരമാപിനി എന്ന നോവലിന് അറ്റ്ലസ് കൈരളി പുരസ്കാരത്തിലൂടെ തനിക്ക് ലഭിച്ച മുപ്പതിനായിരം രൂപ, ശ്രീ. കാക്കനാടന് ബർസാത്തിയെന്ന നോവലിനുള്ള റോയറ്റിയായി മുൻകൂർ നൽകികൊണ്ട് ജോസാൻറണി പാമിൻെറ പ്രവർത്തനങ്ങളിൽ മാതൃകയായി. സ്വന്തം സൗഹൃദങ്ങളുടെ പരിമിതിയിൽ പോലും, ഡോ. റോസി തമ്പിയുടെ പ്രഥമ കവിതാ സമാഹാരം 'പറയാൻ ബാക്കിവച്ചതും', ഡോ.ജി. ജെയിംസിൻെറ രണ്ട് പഠനഗ്രന്ഥങ്ങളും പാമിലൂടെ പ്രസിദ്ധീകരിക്കാൻ ജോസാൻറണിക്ക് കഴിഞ്ഞു.

മലയാള സാഹിത്യ ചരിത്രത്തിലാദ്യമായി ഒഴുകുന്ന ചങ്ങാടത്തിൽ വച്ച് കുരീപ്പുഴയിൽ നിന്നും പുറപ്പെട്ട് എട്ടുകരകളെ സാക്ഷിയാക്കി കുരീപ്പുഴ സുനിൽരാജിൻെറ ജലദർശനങ്ങളെന്ന കവിതാ സമാഹാരം പ്രകാശനം ചെയ്തപ്പോൾ കുരീപ്പുഴ ശ്രീകുമാറും മുരുകൻ കാട്ടാക്കടയും ഗിരീഷ് പുലിയൂരും അടക്കം പ്രശസ്ത കവികളുടെ സാന്നിദ്ധ്യം അഷ്ടമുടിക്കായൽ ആസ്വദിച്ചു.

'ടി.പത്മനാഭൻ എഴുത്തിൻെറ അറുപത് വർഷങ്ങളെ' ആദരിച്ചുകൊണ്ട് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ സംഘടിപ്പിച്ച പാം സുവർണ്ണ മുദ്രാ സാഹിത്യ സമർപ്പണവേദിയിൽ ചലച്ചിത്രനടനും എഴുത്തുകാരനും ആയ ശ്രീരാമനും നിരൂപകൻ കെ.പി.ശങ്കരനും പി.കെ.പാറക്കടവും പ്രൊഫ.വി.ജി. തമ്പിയും ദീപാ നിശാന്തും ഉൾപ്പെടെ തൃശൂരിലെ സാഹിത്യ രംഗത്തെ പ്രശസ്തർ സന്നിഹിതരായിരുന്നു.

ജില്ലാ ലൈബ്രറി കൗൺസിൽ സംഘടിപ്പിക്കുന്ന പുസ്തകോത്സവങ്ങളിൽ രണ്ട് വർഷം കൊല്ലത്ത് ടെന്നിസൻ ഇരവിപുരത്തിൻെറയും വാക്കനാട് സുരേഷിൻെറയും നേതൃത്വത്തിൽ പങ്കെടുത്തു. 2017ൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ജോസൻറണിയുടെ നേതൃത്വത്തിൽ രചനാ ബുക്സിൻെറയും പാബ്ലോ ബുക്സിൻെറയും സഹകരണത്തോടെ പുസ്തകോത്സവത്തിൽ പങ്കെടുത്തു. കൊല്ലം ജില്ലയിലെ ഭൂരിഭാഗം ലൈബ്രറികളിലും പാമിൻെറ പുസ്തകങ്ങൾ ഇന്ന് വായിക്കപ്പെടുന്നുണ്ട്.